ചന്ദ്രിക

27 June 2018

# സംസ്ഥാനത്ത് മത്സ്യോൽപാദനം 12 ശതമാനം കൂടി

സ്വന്തം ലേഖകൻ
കൊച്ചി

കൊച്ചി: സമുദ്ര മത്സ്യോത്പാദനം തിരിച്ചുവരവിന്റെ പാതയിലെന്ന് സൂചന നൽകി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) വാർഷിക പഠന റിപ്പോർട്ട്.

കേരളത്തിന്റെ സമുദ്രമത്സ്യ ലഭ്യതയിൽ ഇത്തവണ മുൻവർഷത്തേക്കാൾ 12 ശതമാനം വർധനവുണ്ടായി. കഴിഞ്ഞ കുറച്ചു വർഷങ്ങളായി വൻ തോതിൽ കുറഞ്ഞുവരികയായിരുന്ന മത്തിയുടെ തിരിച്ചുവരവാണ് സമുദ്ര മത്സ്യമേഖലക്ക് ഉണർവായതെന്ന് പഠനം സൂചിപ്പിക്കുന്നു. കേരളത്തിൽ മത്തിയുടെ ലഭ്യത മുൻ വർഷത്തേക്കാൾ മൂന്ന് മടങ്ങ് (176 ശതമാനം) വർധിച്ചതായാണ് കണ്ടെത്തൽ. 2017ൽ ഇന്ത്യൻ തീരങ്ങളിൽ നിന്ന് പിടിച്ച മീനുകളുടെ കണക്ക് ഇന്നലെയാണ് സിഎംഎഫ്ആർഐ പുറത്തുവിട്ടത്. ദേശീയതലത്തിലും സമുദ്രമത്സ്യ ലഭ്യതയിൽ വർധനവുണ്ടായിട്ടുണ്ട്. 5.6 ശതമാനം വർധനവിൽ 38.3 ലക്ഷം ടൺ സമുദ്രമത്സ്യമാണ് ഇത്തവണ ഇന്ത്യയിൽ ആകെ ലഭിച്ചത്. 2012ന് ശേഷമുള്ള ഏറ്റവും വലിയ അളവാണിത്. തമിഴ്നാട്, കേന്ദ്ര ഭരണ പ്രദേശങ്ങളായ പോണ്ടിച്ചേരി, ദമാൻ ആന്റ് ദിയു എന്നിവയൊഴിച്ച് എല്ലാ തീരദേശ സംസ്ഥാനങ്ങളിലും വർധനവുണ്ടായി

കഴിഞ്ഞ വർഷം അവസാനത്തിൽ വീശിയടിച്ച ഓഖി ചുഴലിക്കാറ്റ് കേരളത്തിന്റെ മത്സ്യമേഖലയെ സാരമായി ബാധിച്ചതായി സിഎംഎഫ്ആർഐയുടെ കണക്കുകൾ വെളിപ്പെടുത്തുന്നു. ഓഖി മൂലം കഴിഞ്ഞ ഡിസംബറിൽ സംസ്ഥാനത്തെ മത്സ്യലഭ്യതയിൽ ഏകദേശം 35,000 ടൺ കുറവുണ്ടായതായി കണ്ടെത്തി. ഇതിലൂടെ, ലാൻഡിങ് സെന്ററുകളിൽ 585 കോടി രൂപയും ചില്ലറ വ്യാപാരത്തിൽ 821 കോടിയുടെയും സാമ്പത്തിക നഷ്ടമാണ് കണക്കാക്കുന്നത്.

ഓഖി ദുരന്തത്തെ തുടർന്ന് തമിഴ്നാട്ടിലും മത്സ്യ ലഭ്യതയിൽ കുറവുണ്ടായി.

കഴിഞ്ഞ വർഷം രാജ്യത്തെ ലാൻഡിങ് സെന്ററുകളിൽ വിറ്റഴിക്കപ്പെട്ടത് 52,431 കോടി രൂപയുടെ മത്സ്യമാണ്. മുൻവർഷത്തേക്കാൾ 8.4 ശതമാണ് വർധനവ്. ചില്ലറ വ്യാപാര കേന്ദ്രങ്ങളിൽ 78,408 കോടി രൂപയുടെ മീനാണ് വിൽപന നടത്തിയത്. ലാൻഡിങ് സെന്ററുകളിൽ ഒരു കിലോ മീനിന് ശരാശരി വില 137 രൂപയും ചില്ലറ വ്യാപാരത്തിൽ 204 രൂപയും ലഭിച്ചു.

ഇന്ത്യയുടെ ചരിത്രത്തിലെ രണ്ടാമത്തെ ഏറ്റവു മികച്ച സമുദ്രമത്സ്യോൽപാദനമാണ് ഇത്തവണത്തേതെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ പറഞ്ഞു. സിഎംഎഫ്ആർഐയുടെ നിർദ്ദേശപ്രകാരം ചെറുമീനുകളെ പിടിക്കുന്നത് അടക്കമുള്ള മത്സ്യബന്ധന നിയന്ത്രണങ്ങൾ കേരളത്തിലും മറ്റ് സംസ്ഥാനങ്ങളിലും മത്സ്യലഭ്യത കൂടാൻ കാരണമായിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. സിഎംഎഫ്ആർഐയിലെ ഫിഷറീസ് റിസോഴ്സസ് അസസ്മെന്റ് വിഭാഗമാണ് കണക്കുകൾ തയ്യാറാക്കിയത്. വകുപ്പ് മേധാവി ഡോ ടി.വി സത്യാനന്ദൻ പഠനഫലങ്ങൾ വിശദീകരിച്ചു. ഡോ സുനിൽ മുഹമ്മദ്, ഡോ ജി.മഹേശ്വരുഡു, ഡോ പി.യു സക്കറിയ, ഡോ ഇ എം അബ്ദുസ്സമദ്, ഡോ സി.രാമചന്ദ്രൻ എന്നിവരും സംബന്ധിച്ചു.




2017ൽ ഇന്ത്യൻ തീരങ്ങളിൽ നിന്നുള്ള മത്സ്യ ലഭ്യതയുടെ കണക്ക് കൊച്ചി സിഎംഎഫ്ആർഐയിൽ നടന്ന ചടങ്ങിൽ ഡോ എ ഗോപാലകൃഷ്ണൻ (ഇടത്തുനിന്ന് നാലാമത്) പ്രകാശനം ചെയ്യുന്നു. ഡോ. സി രാമചന്ദ്രൻ, ഡോ. ഇ എം അബ്ദുസ്സമദ്, ഡോ.സത്യാനന്ദൻ, ഡോ.കെ സുനിൽ മുഹമ്മദ്, ഡോ പി യു സക്കറിയ, ഡോ ജി മഹേശ്വരുഡു എന്നിവർ സമീപം